# ദൗത്യ പ്രഖ്യാപനം

**രാജ്യത്തെ മത്സ്യസമ്പത്തും, മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു മത്സ്യബന്ധന നയം കൊണ്ടു വരുന്നതിനു വേണ്ടി ഞങ്ങൾ നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യും. സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള ഒരു ബദൽ മാതൃക സ്ഥാപിക്കുന്നതിനു വേണ്ടി ജനകീയാടിത്തറയുടെ പിൻബലത്തിൽ പരിവർത്തനത്തിന്റെ രാഷ്ട്രീയം ഉയർത്തിക്കൊണ്ടു വരുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.**

കണക്കാക്കാനാവത്ത അളവിൽ ജലസമ്പത്തുകൊണ്ട് സമ്പന്നമാണ് ഇന്ത്യ. മൂന്നു ഭാഗത്തായുള്ള മഹാസമുദ്രങ്ങളും, അനേകം നദികളും, തടാകങ്ങളും, തണ്ണീർത്തടങ്ങളും, ജലസംഭരണികളും, കുളങ്ങളും ചേർന്ന ജലസമ്പത്തു മാത്രമല്ല, ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ മത്സ്യ ഉല്പാദന രാഷ്ട്രമായി ഇന്ത്യയെ നിലനിർത്തുകയും ചെയ്യുന്നു. 2019-20 ൽ മാത്രം വാർഷിക മത്സ്യ ഉല്പാദനം 14 ദശലക്ഷം ടണ്ണിൽ കൂടുതലാണ്. അതിൽ 73 ശതമാനവും (10.4 ദശ ലക്ഷം) ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സംഭാവനയാണ്. മത്സ്യത്തൊഴിലാളികൾ, മത്സ്യ കർഷകർ, മത്സ്യ സംസ്കരണ തൊഴിലാളികൾ, വിപണന തൊഴിലാളികൾ, വലനെയ്ത്തു തൊഴിലാളികൾ, വള്ളം ബോട്ടു നിർമ്മാണ തൊഴിലാളികൾ തുടങ്ങി 30 ദശലക്ഷം പേരാണ് മത്സ്യമേഖലയെ ആശ്രയിച്ച് ജീവിക്കുന്നത്. ഈ തൊഴിലാളികളിൽ 82 ശതമാനവും ഉൾനാടൻ മത്സ്യ മേഖലയിൽ ജോലി ചെയ്യുന്നവരാണ്.

രാജ്യത്തെ 80 കോടിയോളം വരുന്ന സാധാരണക്കാർക്ക് വിലക്കുറവിൽ ലഭിക്കുന്ന, ഗുണ നിലവാരമുള്ളതും പോഷക സമൃദ്ധവുമായ ഭക്ഷ്യവിഭവമാണ് മത്സ്യം. ജനങ്ങൾക്ക് പ്രോട്ടീൻ പ്രദാനം ചെയ്യുന്നതിൽ വലിയ സ്ഥാനമാണ് മത്സ്യഭക്ഷണത്തിനുള്ളത്. അതുകൊണ്ട് തന്നെ 1961 മുതൽ പ്രതിശീർഷ മത്സ്യ ഉപഭോഗം മൂന്നിരട്ടിയോളം വർദ്ധിച്ചു. രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷ, പോഷകാഹാര നിലവാരം, തൊഴിൽ സുരക്ഷ എന്നിവയിൽ മത്സ്യമേഖല നിർണായകമായ പങ്കുവഹിക്കുന്നുണ്ട്. **മൊത്തം തൊഴിലവസരങ്ങളുടെ 50 ശതമാനത്തിലേറെ കൈകാര്യം ചെയ്യുന്നത് സ്ത്രീകളായതിനാൽ തൊഴിലിൽ ലിംഗ സന്തുലിതാവസ്ഥ നില നിർത്തുന്ന രാജ്യത്തെ ഏറ്റവും പ്രധാന തൊഴിൽ മേഖലയും മത്സ്യ മേഖലയാണ് എന്നത് വിസ്മരിക്കാനാവില്ല.**

അനിയന്ത്രിതമായ കൈയ്യേറ്റങ്ങളും, മലിനീകരണവും, ജലത്തിന്റെ ദുരുപയോഗവും ഉൾനാട്ടിലെയും,തീരത്തെയും മത്സ്യ സമ്പത്തിനെയും, ജലാശയങ്ങളുടെ നിലനില്പിനെയും വലിയ പ്രതിസന്ധിയിലേക്ക് തള്ളി വിട്ടിരിക്കുകയാണ്. യന്ത്രവത്കൃത ബോട്ടുകളും, ട്രോളറുകളും ഉപയോഗിച്ചുള്ള അമിതവും, വിനാശകരവുമായ മത്സ്യബന്ധനം, ഇന്ത്യയുടെ 8000 കിലോമീറ്റർ നീളമുള്ള തീരത്തെ മത്സ്യ സമ്പത്തിനെ ഇല്ലാതാക്കി ക്കൊണ്ടിരിക്കുകയാണ്.

പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളികളാണ് ഈ ജലാശയങ്ങളുടെ പരിപാലകരും, സംരക്ഷകരും , അവകാശികളും. പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളികൾ എക്കാലത്തും എപ്പോഴും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും, സ്വാഭാവിക മത്സ്യ സമ്പത്ത് നിലനിർത്തുന്നതിനും വേണ്ടി നിലകൊള്ളുന്നവരാണ്. മാത്രമല്ല, പരമ്പരാഗത മത്സ്യബന്ധനം പരിസ്ഥിതി സൗഹൃദവും, ജലാശയങ്ങളുടെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് അനുയോജ്യവുമാണ്. മത്സ്യ കുഞ്ഞുങ്ങളെ പിടിക്കാതെയുള്ള മത്സ്യബന്ധന രീതി, മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനത്തിനും വളർച്ചയ്ക്കും ഗുണകരമാണെന്നതിൽ സംശയമില്ല. കൂടാതെ, ചെറുകിട ഉടമസ്ഥതയിലും, വലിയ തോതിലുള്ള കൂട്ടായ മത്സ്യ ബന്ധനം തുല്യ നിലയിലുള്ള വരുമാനം നല്കുന്നതുമാണ്.

'സാഗർമാല' എന്ന പേരിൽ നടപ്പിലാക്കുന്ന തുറമുഖ കേന്ദ്രീകൃത വികസന പദ്ധതിയുടെ രൂപകല്പന തീരദേശ പ്രകൃതി വിഭവങ്ങളുടെ വിനാശത്തിന് കാരണമാകുന്നതാണ്. നദീ സംയോജന പദ്ധതികളും, ഇതുവരെ പ്രഖ്യാപിക്കപ്പെട്ട 110 ദേശീയ ജലപാതകളുടെ നിർമ്മാണ പദ്ധതികളും , ഇന്ത്യയിലെ മഹാനദികളിൽ വിനാശത്തിന്റെ വേലിയേറ്റം സൃഷ്ടിക്കുകയും, അവശേഷിക്കുന്ന മത്സ്യ സമ്പത്ത് ഇല്ലാതാക്കുകയും ചെയ്യും. ഇന്ത്യാ ഗവണ്മെന്റ് നടപ്പിലാക്കുന്ന ബ്ലൂ ഇക്കണോമി ചട്ടക്കൂടിന്റെ പിന്തുണയിൽ വ്യാപകമാകുന്ന ചെമ്മീൻ കൃഷി, സ്വാഭാവിക മത്സ്യ സമ്പത്ത് നശിപ്പിക്കുന്നതും, തീരപ്രദേശങ്ങളിലെ പരിസ്ഥിതിയ്ക്കും പ്രകൃതിയ്ക്കും വ്യാപകമായ നാശനഷ്ടം സൃഷ്ടിക്കുന്നതുമാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും ചെറുകിട മത്സ്യ കർഷകരെയും ഒഴിവാക്കിയും, പാരിസ്ഥിതിക സന്തുലനാവസ്ഥയെ പരിഗണിക്കാതെയും, ഉല്പാദനക്ഷമത മാത്രം ലാക്കാക്കി മത്സ്യ മേഖലയ്ക്ക് പുറത്തുള്ള സംരംഭകരെയും, നിക്ഷേപകരെയും പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് ഇപ്പോഴുള്ളത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളു

ടെയും ചെറുകിട കർഷകരുടെയും ഉപജീവനവും, സുസ്ഥിര മത്സ്യ ഉല്പാദനവും സംരക്ഷിക്കാത്ത നടിപടികൾ ഈ മേഖലയിൽ നയപര മായ സംഘർഷങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കേണ്ടിവരും. പരമ്പരാ ഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഇടങ്ങൾ നഷ്ടപ്പെടുത്തുന്ന തും, സുസ്ഥിര മത്സ്യബന്ധനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നതുമാണ് ഇത്തരം നയങ്ങൾ. സർക്കാർ മുൻപോട്ടു വെച്ചിരിക്കുന്ന നീല വിപ്ലവം പ്രതിലോമകരമായ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി യുള്ളതാണ്.

ആയിരക്കണക്കിനായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അവ രുടെ ഉപജീവന മാർഗ്ഗവും ജലാശങ്ങളും സംരക്ഷിക്കുവാൻ പാടുപെടു കയാണ്. നിലവിൽ റിസർവോയറുകൾ, വന്യ ജീവി സങ്കേതങ്ങൾ, സംര ക്ഷിത പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണത്തിന്റെ പേരിൽ സ്വന്തം ഇടങ്ങളിൽ നിന്നും അവർ പുറത്താക്കപ്പെട്ടിരിക്കുന്നു.

## അടിസ്ഥാനപരമായ പ്രതിബദ്ധതകൾ

കൃഷി, മത്സ്യബന്ധനം, വനം തുടങ്ങിയ മേഖലകളിൽ, പ്രകൃതി വിഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇവയിൽ ഏതെങ്കിലും ഒരു മേഖലയെ വേർതിരിക്കുന്ന തരത്തിലുള്ള പ്രക്രിയകളും, സുസ്ഥിരമല്ലാത്ത വിനി യോഗങ്ങളും ആവാസ വ്യവസ്ഥയ്ക്ക് പ്രഹരം ഉണ്ടാക്കുന്നതും പ്രകൃതി വിഭവങ്ങളെ ആശ്രയിക്കുന്ന മേഖലകളെ ദോഷകരമായി ബാധിക്കുന്നതുമാണ്. ആയതിനാൽ, സംയോജിത ആവാസ വ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള ഒരു മനുഷ്യാവകാശ സമീപനം ഉണ്ടാകുന്ന തിനു വേണ്ടി ഞങ്ങൾ പ്രവർത്തിക്കുകയും നിലകൊള്ളുകയും ചെയ്യുന്നു.

പരമ്പരാഗത-ചെറുകിട മത്സ്യമേഖലയുടെ സംരക്ഷണത്തിനും വിപുലീകരണത്തിനുമായാണ് ഞങ്ങൾ നിലകൊള്ളുന്നത്. പരമ്പരാഗത മത്സ്യബന്ധനം എന്നത്, മത്സ്യതൊഴിലാളികളും, അനുബന്ധ തൊഴി ലാളികളും ഉപജീവനത്തിനായി നേരിട്ട് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധത്തെയാണ്. വാണിജ്യ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിന് നേർ വിപരീതമാണിത്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എല്ലാ ജലാശയങ്ങളുടെ മേലും സ്വതന്ത്ര അവകാശം ലഭിക്കുന്നതിനു വേണ്ടി ഞങ്ങൾ നിലകൊ ള്ളുന്നു. കടലുകൾ, നദികൾ, തടാകങ്ങൾ, കായലുകൾ, ജലസംഭരണി കൾ, കുളങ്ങൾ, സംരക്ഷിത മേഖലകൾ എന്നിവിടങ്ങളിലെല്ലാം സുസ്ഥി

രമായ മത്സ്യബന്ധനത്തിനും , മത്സ്യകൃഷിക്കും ഉള്ള പരമ്പരാഗത മത്സ്യ തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും അനിഷേധ്യമായ അവകാശത്തിനും വേണ്ടിയാണ് ഞങ്ങൾ പ്രവർത്തിയ്ക്കുന്നത്.

## സമഗ്രമായ മത്സ്യബന്ധന നയ നിർദ്ദേശങ്ങൾ.

1. **സുസ്ഥിര വികസനം** മത്സ്യമേഖലയുടെ സംരക്ഷണവും പരിപാലനവും പാരിസ്ഥിതിക തത്വങ്ങളുമായി യോജിക്കുന്നതും, ജലാശങ്ങളുടെയും, ജലത്തിന്റെയും പാരിസ്ഥിതിക സേവനങ്ങളെ ശക്തമാക്കുന്ന തരത്തിൽ ആയിരിക്കണം

2. **പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം**.; ഇതായിരിക്കണം മത്സ്യനയത്തിന്റെ മുഖ്യ പരിഗണനാവിഷയം. പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പുറന്തള്ളുവാനും ഈ മേഖലയിലെ സർക്കാർ സഹായം പിടിച്ചെടുക്കുവാനുമുള്ള മത്സ്യ മേഖലക്ക് പുറത്തു നിന്നുള്ള നിക്ഷേപകരുടെയും, സംരംഭകരടെയും നീക്കങ്ങളെ ചെറുക്കുകയും ജാഗ്രത പാലിക്കുകയും വേണം.

3. **അനുബന്ധ തത്വങ്ങൾ:** പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും സാധാരണക്കാരും പാവപ്പെട്ടവരുമാണ്. അവരുടെ ക്ഷേമത്തിന് മത്സ്യബന്ധന മേഖലയുമായി അഭേദ്യമായ ബന്ധമാണ് ഉള്ളത്. മത്സ്യവിഭവങ്ങളുടെ അവകാശം ഉറപ്പുനല്കുന്ന തരത്തിൽ , സംരക്ഷണവും, പിന്തുണയും സേവന-സഹായ പദ്ധതികളും, സ്കീമുകളും താഴെത്തട്ടിൽ നിന്നും ആരംഭിക്കുകയും, അതേസമയം, ചട്ടലംഘനങ്ങൾക്കുള്ള നിയന്ത്രണങ്ങളും, ശിക്ഷകളും മുകൾത്തട്ടിൽ നിന്നും ആരംഭിക്കേണ്ടതുമാണ്. അതായത്, മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ സേവനങ്ങൾ സ്കീമുകൾ പാവപ്പെട്ടവരായ പരമ്പരാഗത തൊഴിലാളികൾക്ക് മുൻഗണന നല്കിക്കൊണ്ട് വേണം നടപ്പിലാക്കുവാൻ, കൂടാതെ ഈ മേഖലയിലേക്ക് കടന്നു വന്നിട്ടുള്ള വൻകിടക്കാർക്കുള്ള നിയന്ത്രണങ്ങൾ കർശനമാക്കുകയും അവരുടെ ചട്ടവിരുദ്ധ ഇടപാടുകൾക്കുള്ള പിഴശിക്ഷ വർദ്ധിപ്പിക്കുകയും വേണം.

4. **പങ്കാളിത്ത ഭരണം.**

ജല നയം, ജലാശയങ്ങളുടെ സംരക്ഷണം - ജല വിനിയോഗം, നീർത്തട പരിപാലന നയം എന്നിവ മത്സ്യ മേഖലയിലെ ഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. നമ്മുടെ ഉപരിതല ജലസമ്പത്ത്

ഉപഭോഗം ചെയ്യാത്ത ഏറ്റവും വലിയ പ്രാഥമിക സമൂഹം പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. ജലാശയങ്ങളുടെയും. ശുദ്ധജല മത്സ്യങ്ങളുടെയും സ്വാഭാവിക സംരക്ഷകർ മത്സ്യത്തൊഴിലാളികളാണ് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആയതിനാൽ, ജല നയം , ജലാശയ സംരക്ഷണ നയം, ജല വിനിയോഗ നയം, നീർത്തട പരിപാലന നയം എന്നിവ തീരുമാനിക്കുന്നതിലും നടപ്പിലാക്കുന്നതിലും പരമ്പരാഗത മത്സ്യത്തൊഴിലാളി പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം.

5. **തലമുറാനന്തര അവസര സമത്വം**

പ്രകൃതി വിഭവങ്ങൾ ഇന്നത്തെ തലമുറയ്ക്ക് മാത്രമല്ല ഭാവി തലമുറകൾക്കുവേണ്ടിയും സംരക്ഷിക്കേണ്ടതുണ്ട്. മത്സ്യബന്ധന സമൂഹത്തിലെ അടുത്ത തലമുറയ്ക്കും തുടർച്ചയായി കൈകാര്യം ചെയ്യുവാൻ മത്സ്യസമ്പത്ത് സംരക്ഷിക്കപ്പെടുന്നതിന് പ്രാമുഖ്യം നല്കുന്ന തരത്തിലായിരിക്കണം മത്സ്യബന്ധന നയം രൂപീകരിക്കപ്പെടേണ്ടത്.

6. **ലിംഗ നിതി**

മത്സ്യബന്ധന മേഖലയിലെ ആകെ തൊഴിലാളികളിൽ പകുതിയിലേറെയും സ്ത്രീകളാണ്. ആ മേഖലയിലെ പുരുഷന്മാരേക്കാൾ പാർശ്വവത്ക്കരിക്കപ്പെട്ടവരാണ് സ്ത്രീ തൊഴിലാളികൾ. സ്ത്രീകളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിന് അനുകൂലമായ സാഹചര്യമല്ല ഈ മേഖലയിൽ നില നില്കുന്നത്. ആയതിനാൽ, വിഭവങ്ങളുടെ വിതരണത്തിലും, കൈകാര്യം ചെയ്യുന്നതിലും സ്ത്രീകളുടെ അവകാശം ഉറപ്പാക്കുന്ന കൃത്യമായ നയം ഉണ്ടാകേണ്ടതുണ്ട്.

7. **കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതവും സാമൂഹ്യ പ്രതിരോധവും**

ഉൾനാടൻ- ആഴക്കടൽ മത്സ്യബന്ധനത്തെ കാലാവസ്ഥാ വ്യതിയാനം വലിയതോതിൽ ബാധിക്കുന്നുണ്ട്. മനുഷ്യരുടെ ഇടപെടൽ മൂലമുണ്ടായ ആഘാതങ്ങളെ സംബന്ധിച്ചും കാര്യക്ഷമമായ നിരീക്ഷണവും, ആഘാതങ്ങൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളും മത്സ്യബന്ധന സമൂഹങ്ങളുടെ സഹകരണത്തോടെ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

8. **മുൻകരുതൽ സമീപനം.**

പ്രകൃതി വിഭവങ്ങളെയും, പാരിസ്ഥിതിക സേവനങ്ങളെയും അടി

സ്ഥാനമാക്കിയുള്ള മത്സ്യ മേഖലയിൽ പുതിയ സാമൂഹ്യ ഘടകങ്ങളും, സാങ്കേതിക വിദ്യയും, പുതുവംശം, പുതുതീറ്റ തുടങ്ങിയവയും കൊണ്ടുവരുന്നതിൽ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇതുമൂലം ഉണ്ടാകാവുന്ന ആഘാതങ്ങളെക്കുറിച്ച് കൃത്യമായ അവബോധവും ,മതിയായ നിയന്ത്രണങ്ങളും കർശനമായ മുൻകരുതൽ സമീപനങ്ങളും ആവശ്യമാണ്.

**9. അന്താരാഷ്ട്ര നയ സമീപനം**

* മത്സ്യ മേഖലയുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി അന്താരാഷ്ട്ര മാർഗ്ഗരേഖകൾ (FAO, CCRF, VGSSF)നടപ്പിലാക്കുന്നതിനു വേണ്ടി പ്രവർത്തിക്കുകയും നിലകൊള്ളുകയും ചെയ്യും.

* നമ്മുടെ രാജ്യത്തെയും അയൽ രാജ്യങ്ങളിലെയും മത്സ്യത്തൊഴിലാളികൾ തമ്മിൽ സാഹോദര്യ ബന്ധം പുലർത്തുന്നതിനും, പൊതുവിഭവങ്ങൾ സംരക്ഷിക്കുന്നതിനും , തുല്യമായി പങ്കിടുന്നതിനും വേണ്ടി നിലകൊള്ളും.

* മത്സ്യബന്ധനത്തിനായി ഏതെങ്കിലും ഒരു രാജ്യത്തു നിന്ന് അയൽ രാജ്യത്തിന്റെ അതിർത്തി കടക്കുന്നവരെ തടവിലാക്കുന്നതിനും, ശാരീരിക ശിക്ഷ നടപ്പിലാക്കുന്നതിനെയും ഞങ്ങൾ എതിർക്കുന്നു. ഐക്യരാഷ്ട്രസഭയുടെ സമുദ്രവുമായ ബന്ധപ്പെട്ട അന്താരാഷ്ട്ര നിയമത്തിലെ ആർട്ടിക്കിൾ 73 വകുപ്പ് 3 അനുസരിച്ചുള്ള നടപടിക്രമങ്ങൾ മാത്രമെ രാജ്യങ്ങൾ നടപ്പിലാക്കാൻ പാടുള്ളു.

## ഭരണപരമായ നടിപടിക്രമങ്ങൾ

കേന്ദ്ര -സംസ്ഥാന തലത്തിൽ താഴെ പറയുന്ന ഭരണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുസ്ഥിര മത്സ്യബന്ധനത്തെയും ഉപജീവനത്തെയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന തലത്തിൽ പ്രത്യേക ഫിഷറീസ് മന്ത്രാലയങ്ങൾക്ക് രൂപം നല്കണം.

2. മത്സ്യനയത്തിന്റെ നടത്തിപ്പുകൾ നിരീക്ഷിക്കുന്നതിനും , അന്തർസംസ്ഥാന തർക്കങ്ങളും പരാതികളും പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി ദേശീയ മത്സ്യബന്ധന കമ്മീഷൻ രൂപീകരിക്കണം.

## പ്രത്യേക അവകാശങ്ങളും നിയമപരമായ അംഗീകാരവും

1. ജാതിയുടെയോ, വംശത്തിന്റെയോ മതത്തിന്റെയോ ലിംഗത്തിന്റെയോ വ്യത്യാസമില്ലാതെ എല്ലാ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ തൊഴിലാളികളുടെയും തൊഴിൽപരമായ അന്തസ്സും അവകാശങ്ങളും അംഗീകരിച്ച് സർക്കാർ തിരിച്ചറിയൽ കാർഡ് നല്കണം.

## 2. കൈകാര്യാവകാശം

കടലുകൾ നദികൾ തടാകങ്ങൾ തണ്ണീർതടങ്ങൾ ജലസംഭരണികൾ സംരക്ഷിത ജലാശയങ്ങൾ തുടങ്ങി എല്ലാ ജല സ്രോതസ്സുകളിലും മത്സ്യസമ്പത്തിലും സുസ്ഥിര മത്സ്യബന്ധനത്തിനുള്ള കൈകാര്യ അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നല്കണം.

മത്സ്യ വിളവെടുപ്പിനു ശേഷവുമുള്ള പ്രവർത്തനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന സ്ഥലത്തിന് കൈകാര്യ അവകാശം നല്കണം.

സർക്കാർ നിയന്ത്രണത്തിലുള്ള ജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യകൃഷി ചെയ്യുന്നതിനുള്ള സുസ്ഥിര കൃഷി അവകാശം മത്സ്യമേഖലയ്ക്ക് പുറത്തുള്ള നിക്ഷേപകരേക്കാൾ മുൻഗണന നല്കി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നല്കുകയും, പാട്ടത്തിനു പകരം പാരമ്പര്യ അവകാശങ്ങളെ അംഗീകരിച്ചുകൊണ്ട് നടത്തിപ്പവകാശം നല്കുകയും വേണം.

സ്വകാര്യ നിയന്ത്രണത്തിലുള്ള ജലസ്രോതസ്സുകളിലെ പാട്ട വ്യവസ്ഥകളും പാട്ടത്തുക നിശ്ചയിക്കലും വർദ്ധിപ്പിക്കലും അടക്കമുള്ള നിയന്ത്രണങ്ങളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കണം.

പാട്ടത്തിനെടുത്ത സ്വകാര്യ നിയന്ത്രണത്തിലുള്ള ജലസ്രോതസ്സുകളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെടാതിരിക്കുവാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നടത്തിപ്പവകാശത്തിന് നിയമപരിരക്ഷ ഉണ്ടായിരിക്കണം.

പരമ്പരാഗത മത്സ്യ കർഷകർക്ക് നിർദ്ദേശിക്കപ്പെട്ടതോ , നിർദ്ദേശിക്കപ്പെടാത്തതോ ആയ കച്ചവട സ്ഥലങ്ങളിൽ നിന്ന് അവരുടെ അനുമതിയില്ലാതെ കുടിയൊഴുപ്പിക്കുന്നതിനെതിരെ സംരക്ഷണത്തിനും പുനരധിവാസത്തിനും അവകാശം ഉണ്ടായിരിക്കണം.

പരമ്പരാഗത മത്സ്യ കച്ചവടക്കാർ മത്സ്യം വില്ക്കുന്ന സ്ഥലമോ ചന്തയോ പുതുക്കി പണിയുമ്പോഴും, പുനർ നിർമ്മിക്കുമ്പോഴും അവിടെ കച്ചവടത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യ കച്ചവടക്കാർക്ക് നല്കണം.

## ഭരണപരമായ അവകാശങ്ങൾ.

കടലുകൾ നദികൾ തടാകങ്ങൾ തണ്ണീർത്തടങ്ങൾ ജലസംഭരണികൾ സംരക്ഷിത ജലാശയങ്ങൾ തുടങ്ങി എല്ലാ ജല സ്രോതസ്സുകളും മത്സ്യസമ്പത്തും സംരക്ഷിക്കുന്നതിനുള്ള അവകാശം പരമ്പരാഗത മത്സ്യസമൂഹങ്ങൾക്കു നല്കണം.

കടലുകൾ നദികൾ തടാകങ്ങൾ തണ്ണീർത്തടങ്ങൾ ജലസംഭരണികൾ സംരക്ഷിത ജലാശയങ്ങൾ തുടങ്ങി എല്ലാ ജല സ്രോതസ്സുകളും വൃഷ്ടിപ്രദേശങ്ങളും ഉൾപ്പെടുന്ന ജല സമ്പത്തിന്റെ ഉപയോഗമുൾപ്പെടെയുള്ള കാര്യങ്ങൾ നിർണയിക്കുന്നതിലും, നിയന്ത്രിക്കുന്നതിലും പരമ്പരാഗത മത്സ്യബന്ധനസമൂഹങ്ങൾക്ക് അവകാശമുണ്ടായിരിക്കണം.

വിനാശകരമായ മത്സ്യബന്ധനം, മത്സ്യകൃഷി, മലിനീകരണം, കയ്യേറ്റം തുടങ്ങി മത്സ്യബന്ധനത്തെ ദോഷകരമായി ബാധിക്കുന്ന എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുവാനും നിർത്തിവെയ്പിക്കുവാനുമുള്ള അവകാശം പരമ്പരാഗത മത്സ്യബന്ധന സമൂഹങ്ങൾക്ക് ഉണ്ടായിരിക്കണം.

പരമ്പരാഗത മത്സ്യകച്ചവടക്കാർക്ക് മത്സ്യ ഡിപ്പോകളുടെയും, ചില്ലറ വില്പനകേന്ദ്രങ്ങളുടെയും നടത്തിപ്പിൽ പങ്കാളിത്തം ഉണ്ടായിരിക്കണം.

മത്സ്യ ഡിപ്പോകളിൽ നിന്നും, സംഭരണ കേന്ദ്രങ്ങളിൽ നിന്നും മത്സ്യം ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള അവകാശം പരമ്പരാഗത മത്സ്യബന്ധന സമൂഹങ്ങൾക്ക് ഉണ്ടായിരിക്കണം.

## സമ്പത്തിനും സാമ്പത്തിക ശാക്തീകരണത്തിനുമുള്ള അവകാശം

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, മത്സ്യ കച്ചവടക്കാർ ചെറുകിട മത്സ്യ കർഷകർ, എന്നിവരുടെ സാമ്പത്തിക സ്വയം ശാക്തീകരണത്തിനായി സഹകരണ സ്ഥാപനങ്ങൾ, മത്സ്യ ഉല്പാദന ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവ രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹനവും സഹായവും നല്കണം.

അവയുടെ രൂപീകരണത്തിനും നടത്തിപ്പിനുമുള്ള നിബന്ധനകളും വ്യവസ്ഥകളും എളുപ്പവും സുതാര്യവുമാക്കണം.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ,മത്സ്യ കച്ചവടക്കാർ ചെറുകിട മത്സ്യ കർഷകർ, എന്നിവരെ കൊള്ളപ്പലിശക്ക് പണം നല്കുന്നവർ, മൈക്രോഫിനാൻസ് കമ്പനികൾ എന്നിവയുടെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുകയും , സർക്കാരിന്റെ സാമ്പത്തിക സഹായവും, ബാങ്ക് ലോണും നല്കുന്നതിന് മുൻഗണന നല്കുകയും വേണം. കിസാൻ ക്രഡിറ്റ് സൗകര്യങ്ങൾ പരമ്പരാഗത മത്സ്യ ബന്ധന-വിപണന- കൃഷി മേഖലയിലേക്കും വ്യാപിപ്പിക്കണം.

## വിവരാവകാശവും, ഗുണമേന്മയുള്ള വിവരങ്ങളും സാങ്കേതിക വിദ്യയും

മത്സ്യ മേഖലയിലെ പരമ്പരാഗത അറിവും വൈദഗ്ധ്യവും പ്രാധാന്യത്തോടെയും ബഹുമാനത്തോടെയും ഉചിതമായി രേഖപ്പെടുത്തുകയും, മത്സ്യബന്ധനത്തിന് ഉപയോഗപ്പെടുത്തുകയും വേണം.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, മത്സ്യ കച്ചവടക്കാർ, ചെറുകിട മത്സ്യ കർഷകർ എന്നിവർക്ക് ബോട്ടുകളുടെയും വലകളുടെയും നിർമ്മാണം, വികസനം, ശീതികരണ ശൃംഖലയുടെ അറ്റകുറ്റപ്പണി ,കാലവസ്ഥ, വേലിയേറ്റം , ജലസംഭരണികളിൽ നിന്നുള്ള വെള്ളം കൈകാര്യം ചെയ്യൽ, മത്സ്യക്കുളം തയ്യാറാക്കൽ എന്നിവയെ സംബന്ധിച്ച സാങ്കേതിക വിദ്യകൾ, വിവരങ്ങൾ, പരിശീലനം എന്നിവ നല്കുകയും, ഗുണനിലവാരമുള്ള വിത്തുകൾ, തീറ്റ, മത്സ്യ കുഞ്ഞുങ്ങളെ തയ്യാറാക്കൽ, ഹാച്ചറി , കൃഷിരീതികൾ എന്നിവയ്ക്കുള്ള പരിശീലനവും സർക്കാർ സഹായവും ഉറപ്പാക്കണം.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, മത്സ്യ കച്ചവടക്കാർ ചെറുകിട മത്സ്യ കർഷകർ എന്നിവർക്ക് ഞണ്ട് പിടിക്കൽ വനമത്സ്യങ്ങളെ വളർത്തൽ എന്നിവയ്ക്കുള്ള സാങ്കേതിക വിദ്യയും പരിശീലനവും, അറിവും നല്കുന്നതിനോടൊപ്പം പലതരത്തിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായവും വിപണിയും ഉറപ്പാക്കണം.

അലങ്കാര മത്സ്യം വളർത്തൽ, അവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കൽ തുടങ്ങി കൂടുതൽ ലാഭകരവും വൈവിധ്യവുമുള്ള സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ സാങ്കേതിക വിദ്യയും , അറിവും പരിശീലനവും, സഹായവും നല്കണം.

മത്സ്യത്തൊഴിലാളികൾക്കായുള്ള സർക്കാർ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും സുതാര്യതയുണ്ടാവുകയും, ഇത് സംബന്ധിച്ച പൊതു വിജ്ഞാപനം പുറപ്പെടുവിക്കുകയും വേണം.

## അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം.

1. ബോട്ടും വലയും നിർമ്മിക്കാനും അറ്റകുറ്റപ്പണികൾക്കുമുള്ള സൗകര്യങ്ങൾ
2. ബോട്ട് ജട്ടികൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ
3. മത്സ്യം ഉണക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള പശ്ചാത്തലം, സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന മത്സ്യം ഉണക്കുന്നതിനുള്ള യന്ത്രസൗകര്യങ്ങൾ
4. മതിയായ വെളിച്ചം, കുടിവെള്ളം, വിശ്രമ സ്ഥലം, ശുചിമുറി സൗകര്യം എന്നിവ ലാന്റിംഗ് സെന്ററുകളിൽ ഉറപ്പാക്കണം.
5. ലാന്റിംഗ് സെന്ററുകളിലേക്ക് ഗതാഗത സൗകര്യവും വാഹന സൗകര്യവും ഉറപ്പാക്കണം.
6. മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ ശീതികരണികൾ, ഏതു കാലാവസ്ഥയിലും മത്സ്യം ഉണക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ, ഐസ് ഫാക്ടറി മുതലായ ഉണ്ടാകണം.

## പരമ്പരാഗത മത്സ്യ കർഷകർക്ക് നല്കേണ്ട സഹായങ്ങൾ

1. ബോട്ട് , വല അനുബന്ധ ഉപകരണങ്ങൾ
2. മത്സ്യം സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ
3. ഹാച്ചറികൾക്ക്, ഗുണനിലവാരമുള്ള മത്സ്യം ,തീറ്റ രോഗനിയന്ത്രണ സംവിധാനങ്ങൾ.
4. പ്രതികൂലമായ കാലാവസ്ഥയിൽ നിന്നുള്ള സുരക്ഷ.

## പരമ്പരാഗത മത്സ്യ വില്പനക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ.

1. മത്സ്യ ഡിപ്പോകളിലേക്കും ചില്ലറ വില്പന കേന്ദ്രത്തിലേക്കുമുള്ള ഗതാഗത സൗകര്യം (വ്യക്തിഗതം, സംഘങ്ങളുടെ, പൊതുവായത്)

2. മത്സ്യ ഡിപ്പോകളിലേക്കും ചില്ലറ വില്പന കേന്ദ്രങ്ങളിലും കുടി വെള്ളം വിശ്രമ സ്ഥലം ടോയ്ലെറ്റ് സൗകര്യം എന്നിവ ഉറപ്പാക്കണം.

3. മാർക്കറ്റുകളിലേക്ക് സമീപന റോഡുകൾ, നിർമ്മിച്ച പ്ലാറ്റ്ഫോം, മതിയായ സംഭരണ സ്ഥലം , വൃത്തിയാക്കുന്നതിനുള്ള സൗകര്യങ്ങളുള്ള വില്പന സ്ഥലം എന്നിവ ഉണ്ടായിരിക്കണം.

## സാമൂഹ്യ സുരക്ഷയും ഉപജീവന അവകാശവും

1. എല്ലാ മത്സ്യ തൊഴിലാളികൾക്കും വീട്
2. ഭക്ഷ്യ സുരക്ഷ
3. ആരോഗ്യ- ജീവൻ ഇൻഷുറൻസ് പരിരക്ഷ
4. ബോട്ടുകൾക്കും വലകൾക്കും, മത്സ്യവില്പന നടത്തുന്ന വാഹനങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ.
5. വാർദ്ധക്യവും അവശതയും ബാധിച്ചവർക്കുള്ള പെൻഷൻ
6. മത്സ്യ ക്ഷാമ കാലത്തും മത്സ്യബന്ധന നിരോധന കാലത്തും ഉപജീവനത്തിനുള്ള സഹായം
7. കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം.

## സ്ത്രീ മത്സ്യത്തൊഴിലാളികൾക്കുള്ള അവകാശങ്ങൾ

1. സ്ത്രീ തൊഴിലാളികളുടെ മത്സ്യമേഖലയിലെ സംഭാവനകളെ മുൻനിർത്തി വിവര ശേഖരണം നടത്തുകയും പ്രത്യേക ലിംഗ നയം രൂപീകരിക്കകയും വേണം
2. സ്ത്രീ മത്സ്യത്തൊഴിലാളികളെ തൊഴിലെടുക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിനെതിരെയും, പ്രത്യേക സാമ്പത്തിക-വ്യവസായ-സാങ്കേതിക സഹായം നല്കുന്നതിനും സ്ത്രീ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക പദ്ധതികളും വിഹിതവും ഉണ്ടാകണം.

## സ്ത്രീ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന ലഭിക്കേണ്ട കാര്യങ്ങൾ

1. മത്സ്യം തരംതിരിക്കൽ , സംസ്കരണം, ഉണക്കൽ എന്നിവയ്ക്കുള്ള പ്ലാറ്റ്ഫോമുകൾ, വിപണി, ഗതാഗത സൗകര്യങ്ങൾ

## 2. സാമ്പത്തിക സഹായം

3. മത്സ്യ ഉല്പാദനത്തിനും അനുബന്ധ ഉല്പാദനങ്ങൾക്കും വേണ്ട ശാസ്ത്ര–സാങ്കേതിക പരിജ്ഞാനം.

4. മത്സ്യ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ. വീട്, ആരോഗ്യ-ജീവിത പരിരക്ഷ, വയോധികർക്കും അവശതയുള്ളവർക്കുമുള്ള പെൻഷൻ, കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായങ്ങൾ.

5. മത്സ്യ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും.

6. സഹകരണ സംഘങ്ങൾ, ഉല്പാദന യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവ രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക.

7. സ്ത്രീകൾക്ക് മേൽകൈയ്യുള്ള മത്സ്യ കച്ചവടം, ഞണ്ട് ചിപ്പി ശേഖരണം, ചെറുവള്ളങ്ങളിലെ മീൻപിടുത്തം എന്നിവയുടെ പ്രത്യേക വികസന–സുരക്ഷാ നടപടികൾ.

8. മത്സ്യ മാർക്കറ്റുകൾ, ഡിപ്പോകൾ , സ്ത്രീകളുടെ കച്ചവട - കൂടിയിരുപ്പ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേക ടോയ്ലെറ്റുകൾ വിശ്രമ സ്ഥലം ശിശു പരിപാലനംകേന്ദ്രം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം.*